കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ എൽ എം..പി 1/1386/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, കൊല്ലം,
തീയതി – 01.01.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിൻറെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി1/1386/2020, തീയതി – 01.01.2021

## കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.2.2019 മുതൽ 31.10.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ. സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9.11.2020 മുതൽ 17.11.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജി. സജികുമാർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി. സിജാറാണി. എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. രാജൻ. വി. ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. ജയകുമാരിഅമ്മ. ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. റജിന. എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി നളിനിയമ്മ | 1.4.2018 മുതൽ 31.5.2018 വരെ |
| | ശ്രീമതി ലൈലാബീവി | 1.6.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ. ഹാഷിം. ഡി | 1.4.2018 മുതൽ 19.2.2019 വരെ |
| | ശ്രീ. ഗോപാലകൃഷ്ണൻ. ആർ അസി. സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | 20.2.2019 മുതൽ 31.3.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എൻജിനീയർ | ശ്രീ. വൈശാഖൻ | 1.4.2018 മുതൽ 31.3.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. ഗോപാലകൃഷ്ണൻ. ആർ | 1.4.2018 മുതൽ 1.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. അനിൽകുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. സജീനാ ബീഗം | 1.4.2018 മുതൽ 25.10.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ആഷിഖ് | 1.4.2018 മുതൽ |

| | | |
|---|---|---|
| | | 11.11.2018 വരെ |
| | ഡോ. അനിൽരാജ്. സി. ആർ | 12.11.2018 മുതൽ 1.1.2019 വരെ |
| | ഡോ. സാബു സേവ്യർ | 1.1.2019 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. അശ്വതി. പി. എം | 1.4.2018 മുതൽ 31.3.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അനിൽകുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഷാനവാസ് | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീമതി. തോമസ് കോശി | 1.4.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ (ഏഴംകുളം സർക്കിൾ) | ശ്രീ. ഹരിലാൽ | 1.4.2018 മുതൽ 31.10.2018 വരെ |
| | ശ്രീ. സന്തോഷ്. എം. എസ്. | 1.11.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ( കുളത്തുപ്പുഴ സർക്കിൾ) | ശ്രീമതി. ജിജി ഗോപാൽ | 1.4.2018 മുതൽ 31.10.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. ശ്രീനാഥ്. ബി. എസ് | 1.11.2018 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ്ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല, 9835 രൂപയുടെ നഷ്ടം | 1-12 |
| 13 | ടെണ്ടർ കുറവ് വരുത്തിയതിൽ അപാകത, 3947 രൂപ കൂടുതലായി ചെലവഴിച്ചു | 1-13 |
| 14 | യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, 8856 രൂപായുടെ നഷ്ടം | 1-14 |
| 15 | പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി മുച്ചക്രവാഹനവിതരണം - തുടർനടപടികൾ അനിവാര്യം | 1-15 |
| 16 | കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല, കമ്പ്യൂട്ടർ വാങ്ങൽ, എ എം സി എന്നിവയ്ക്കായി ചെലവഴിച്ച 393792 രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | വിവിധ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലിനായി കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയ 8,88,104 രൂപ ചെലവവിക്കാതെ അവശേഷിക്കുന്നു | 1-17 |
| 18 | തനത് വരുമാനം ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ | 1-18 |

| | | |
|---|---|---|
| | നിലനിർത്തുന്നു | |
| 19 | വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-19 |
| 20 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുന്നതിന് പിൻവലിച്ച തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 21 | പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിന് പിൻവലിച്ച തുകയ്ക്കുള്ള സ്റ്റാമ്പ് പൂർണ്ണമായും ലഭിച്ചില്ല. | 1-21 |
| 22 | മഴക്കാലപൂർവ്വ ശുചീകരണം- ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | പുതിയ പഞ്ചായത്ത് കെട്ടിടത്തിന് ഇൻറീരിയർ വർക്കുകൾ, നിർവ്വഹണത്തിലെ അപാകതകൾ (248/19) | 1-23 |
| 24 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 18,00,000 രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | ഇ ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയതിട്ടില്ല | 1-25 |
| 26 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-26 |
| 27 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-27 |
| 28 | തൊഴിൽനികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല. | 1-28 |
| 29 | വസ്തു നികുതി കണക്കാക്കിയതിന്റെയും റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-29 |
| 30 | പാലിയേറ്റീവ് കെയർ- മരുന്നു വാങ്ങലിലെ അപാകതകൾ | 1-30 |
| 31 | ലൈഫ് -ഭവനപദ്ധതി -അവലോകനം | 1-31 |
| 32 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-32 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | തൊഴിൽനികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല. | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല,9835 രൂപായുടെ നഷ്ടം | 3-1 |
| 35 | ടെണ്ടർ കുറവ് വരുത്തിയതിൽ അപാകത, 3947 രൂപ കൂടുതലായി ചെലവഴിച്ചു | 3-2 |
| | ഭാഗം 4 | |

| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 36 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 40 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 41 | സ്ഥിര നിക്ഷേപം | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 47 | ഒാഡിറ്റ് സാക്ഷ്യപത്രം 2018-19 | അനുബന്ധം-1 |
| 48 | അനുബന്ധ പത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20704784/- രൂപ |
| വരവ് | 189070234/- രൂപ |
| ആകെ | 209775018/- രൂപ |
| ചെലവ് | 151571455/- രൂപ |
| നീക്കിയിരിപ്പ് | 58203563/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 54854080 | 58854080 | 40849943 | 14004137 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 18079000 | 18079000 | 15824478 | 2254522 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 4684000 | 4684000 | 4391122 | 292878 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 12517000 | 12517000 | 3434181 | 9082819 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 6248000 | 6248000 | 5313951 | 934049 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 27514093 | 27514093 | 13744422 | 13769671 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | - | - | - | - | - |
| ദുരിതാശ്വാസനിധി | | - | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 58443000 | 58443000 | 58443000 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6203 | 810206 | 816409 | 815526 | 883 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) SGSY | | 4056 | 144 | 4200 | 0 | 4200 |
| TSC | | 181259 | 203600 | 384859 | 361549 | 23310 |
| ശുചിത്വ മിഷൻ | | 4387559 | 1587906 | 5975465 | 0 | 5975465 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് | | 846476 | 1391625 | 2238101 | 950000 | 1288101 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കേരളോത്സവം | | 0 | 20000 | 20000 | - | 20000 |
| ജലനിധി | | 865987 | 30710 | 896697 | - | 896697 |
| വിമുക്തി | | 34243 | 25000 | 59243 | 32780 | 26463 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 4890887 | 4890887 | 3240000 | 1650887 |
| | ജില്ലാ പഞ്ചായത്ത് | 0 | 7364544 | 7364544 | 5301463 | 2063081 |
| ബി ഫണ്ട് | | - | 325680 | 325680 | 325680 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 13583439 | 38343241 | 51926680 | 30334896 | 21591784 |
| | ട്രഷറി അക്കൗണ്ട് | 795562 | 50518594 | 51314156 | 26651464 | 24662692 |
| മറ്റിനം | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 326925298 | 160 | 126077968 | 16 | 85 | 61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6203 | 810206 | 816409 | 815526 | 883 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 58443000 | 58443000 | 58443000 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 175680 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 5653300 | 409 |
| വിധവാപെൻഷൻ | 37376000 | 3294 |
| വാർദ്ധക്യകാലപെൻഷൻ | 21780000 | 181 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 6261600 | 497 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 3 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 372900 | 35 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2020ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,547/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനപ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മിററി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്ത പ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ ഇനിയും രൂപപ്പെട്ടിട്ടില്ല.

നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവൃത്തിക്കുന്ന മുഴുവൻ

സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന കഴിഞ്ഞിട്ടില്ല. പ്രകൃതി സൗന്ദര്യത്താൽ അനുഗ്രൃഹീതമായ കുളത്തുപ്പുഴ പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കാര്യമായ യാതൊരു ശ്രമവും ഉണ്ടായിട്ടില്ല.

വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമായുള്ളതല്ല. നിക്ഷേപ പ്രവൃത്തികൾ, സമയബന്ധിതമായി പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കുന്നില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.2.2019 മുതൽ 27.2.2019 വരെ | 2019 ഡിസംബർ വരെ | 04.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2018 മുതൽ 10.04.2018 വരെ | 2013-14 മുതൽ 2017-18 വരെ | 20.06.2018 |

## 1-11 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. തൻവർഷം വികസനഫണ്ട് ജനറലിൽ വരവ് വന്ന 40,849,943/-രൂപയാണ്. (RP -I). എന്നാൽ റവന്യൂ ചെലവിനത്തിൽ 4,08,50,839/- രൂപ (I-6) ചെലവഴിച്ചിരിക്കുന്നു. 896/- രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു.
2. വിവിധ നികുതി/നികുതിയേതര വരവിനങ്ങൾക്ക് തൻവർഷം മുൻകൂറായി ലഭിച്ച തുകയുടെ സാക്ഷ്യപ്പെടുത്തിയ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബി-9, RP – 36 എന്നീ പത്രികകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.
3. ബാലൻസ് ഷീറ്റിൽ ബി.5- secured loan 2,33,60,000/-രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി-16 ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.
4. കുളത്തുപ്പുഴ സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ട് നമ്പർ 450230101-ൽ നിന്നും നൽകിയ ചെക്ക് നം. 300439/05.09.2018, 780/-രൂപ, മൂന്ന് മാസസമയപരിധി കഴിഞ്ഞിട്ടും മാറിയിട്ടില്ലാത്തതിനാൽ ' stale cheques ' - ൽ ഉൾപ്പെടുത്തി ബി 9- ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.
5. 2017-18 വാർഷിക ധനകാര്യപത്രിക ബി-15- പത്രിക പ്രകാരം Property Tax Residential Building – തൻവർഷ തുക, കുടിശ്ശിക എന്നിവ ഉൾപ്പെടെ 6,20,444/-രൂപയും, Property Tax Non Residential Building - തൻവർഷ തുക, കുടിശ്ശിക എന്നിവ ഉൾപ്പെടെ 20,01,039/-രൂപയും ആണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ സഞ്ചയസ്റ്റേറ്റ്മെന്റ് പ്രകാരം കുടിശ്ശിക ഡിമാന്റ് Property Tax Residential Building 11,38,875/- രൂപയും Non residential Building Tax 14,33,194/-രൂപയും ആണ്. വാർഷിക ധനകാര്യ പത്രികയുമായി തുകകൾ പൊരുത്തപ്പെടുന്നില്ല.

6. I – 4(b) Market Receipt demand 15,06,600/- രൂപയാണ്. മുൻവർഷ വരവ് 5,77,500/-രൂപ കിഴിച്ച് തൻവർഷം 9,29,100/- രൂപ വരവ് വരേണ്ടതുണ്ട്. എന്നാൽ തൻവർഷ വരവായി വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 9,28,800/-രൂപയാണ്. മാർക്കറ്റ് വരവ് ഡിമാന്റ് /കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുക 9,28,500/-രൂപയാണ്.

7. I -4(b) Accrual വരവ് ഒഴികെയുള്ള എല്ലാ വരവുകളും RP (3) യുമായി പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ 140400199 എന്ന ഹെഡ്കോഡിൽ ' other fee' എന്നയിനത്തിന് I & E പ്രകാരം 2,515/-രൂപയും RP -3 പ്രകാരം 2,427/-രൂപയും വരവ് വന്നിരിക്കുന്നു.

8. ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ വരവ്, ബാലൻസ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 കാലി ബാരൽ വില ഈടാക്കിയിട്ടില്ല,9835 രൂപായുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിൻറെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല.ഇതുമൂലം 9835രൂപായുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരത്തിന് ഭാഗം 3 ഖണ്ഡിക 3.1 കാണുക.

## 1-13 ടെണ്ടർ കുറവ് വരുത്തിയതിൽ അപാകത, 3947/- രൂപ കൂടുതലായി ചെലവഴിച്ചു.

പ്രവൃത്തി - ചെറുകര ബാലചന്ദ്രൻ പടിക്കൽ റോഡ് കോൺക്രീറ്റ് രണ്ടാംഘട്ടം

അടങ്കൽ തുക--4,00,000/- രൂപ, വികസനഫണ്ട്(ടി എസ് പി)

കരാറുകാരൻ – ശ്രീ. ഫസലുദ്ദീൻ

കരാർ – 10/AE/LSGD/KPZA/18-19, 14-09-2018

അളവു പുസ്തകം – 76 /17-18

ടി പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തുകയിൽ നിന്നും 1% കുറഞ്ഞനിരക്കിലാണ് ടെണ്ടർ അംഗീകരിച്ച് കരാർ വച്ചിട്ടുള്ളത്. എന്നാൽ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയത് 0.01% ആണ്. ഇതുമൂലം 3,947/- രൂപ അധികം ചെലവഴിച്ചു. വിശദവിവരത്തിന് ഭാഗം 3 ഖണ്ഡിക 3.2 കാണുക.

## 1-14 യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, 8856/- രൂപയുടെ നഷ്ടം

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവപ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർവച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരക്കേണ്ടതാണ്. താഴെ

കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുള്ളത് നിയമാനുസൃത, പിഴ ഈടാക്കാതെയാണ്.

| ക്ര. നം | പ്രവൃത്തി വിവരം | കരാർ തുക (രൂപ) | ഈടാക്കേണ്ടിയിരുന്ന പിഴ (രൂപ) |
|---|---|---|---|
| 1 | പ്രവൃത്തി-കല്ലുവെട്ടാംകുഴി എച്ച് എസ്എസ് റോഡിൽ ഐറിഷ് ഓട നിർമ്മാണം<br>കരാറുകാരൻ - ശ്രീ. ഹാഷിം, പ്ലാവിള വീട് , കുളത്തുപ്പുഴ<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി – 05-12-2017<br>കരാർവച്ച തീയതി - 07-12-2017 | 500000/- | 5000/- |
| 2 | പ്രവൃത്തി-കടമാൻകോട് ശിവപുരം റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ. അബ്ദുൾ സലീം, വൈറ്റ്ഹൗസ് കുളത്തുപ്പുഴ<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി – 05-12-2017<br>കരാർവച്ച തീയതി - 07-12-2017 | 200000/- | 2000/- |
| 3 | പ്രവൃത്തി - കല്ലുവെട്ടാംകുഴി – എം. എ. റഷീദ് പടിക്കൽ റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ. ഷൈൻ ആർ, ഷൈൻ മന്ദിരം, ഭാരതീപുരം<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി – 17-09-2018<br>കരാർവച്ച തീയതി - 26-09-2018 | 185600/- | 1856/- |
| | | ആകെ | 8856/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7, തീയതി 16-11-2020)പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഒടുക്കുവരുത്തി വിവരം അറിയിക്കുന്നതാണെന്ന മറുപടി നല്കി. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 8,856/- രൂപ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-15 പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി മുച്ചക്രവാഹനവിതരണം - തുടർനടപടികൾ അനിവാര്യം

പദ്ധതിയുടെ പേര് – ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം (108/19)

പദ്ധതി അടങ്കൽ – 10,40,000/-രൂ

ആകെ ചെലവ് - 10,39,990/-രൂ (2018-19 ൽ 778690/-രൂ ചെലവ് ചെയ്തിട്ടുണ്ട്)

ബിൽ നം/തീ : 478/26.03.2019 (തനതുഫണ്ട്)

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിനായി 'ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം' എന്ന പദ്ധതി ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കി. 14 ഗുണഭോക്താക്കൾക്കാണ് പദ്ധതിയിലൂടെ വാഹനം വിതരണം ചെയ്തത്. പതിമൂന്നാം പഞ്ചവത്സരപദ്ധതി (2017-2022) പദ്ധതി മാർഗരേഖയിലെ ഖ.7.1.2(6) പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ലഭിക്കുന്നതിന് ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ പദ്ധതി അനുകൂല്യം ലഭിച്ച 6 ഗുണഭോക്താക്കൾക്ക് മേൽവ്യവസ്ഥ ഉറപ്പാക്കാതെയാണ് സ്കൂട്ടറൊന്നിന് 74,285/- രൂപ നിരക്കിൽ ആകെ 4,45,710/- രൂപയുടെ സഹായം ലഭ്യമാക്കിയത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. മിനി, വയലിറക്കത്തുവീട്, അയ്യൻപിള്ള വളവ്, കുളത്തൂപ്പുഴ
2. പ്രിയങ്ക, ആർ പി എൽ 2 എഫ് കോളനി, കുവക്കാട്
3. ജോസ്, പള്ളികിഴക്കതിൽ, മാത്തിക്കോണം
4. ഗീതകുമാരി, ഗീതവിലാസം, അമ്പതേക്കർ, വില്ലുമല
5. ഷക്കീലബീവി, വേങ്ങവിളവീട്, മാത്തിക്കോണം
6. രാജരത്നം, ആർ പി എൽ 1 എ കോളനി, കുളത്തൂപ്പുഴ

വാഹനം ഓടിക്കാൻ അംഗീകൃത ലൈസൻസ് ഇല്ലാത്തവർക്ക് പദ്ധതി ആനുകൂല്യം നല്കുന്നത് ആശാവഹമല്ല. ഇതുസംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം1/11.11.2020) പ്രസ്തുത ഗുണഭോക്താക്കളിൽനിന്നും ലൈസൻസ് രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആധികാരിക ലൈസൻസ് രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവായ തുക 4,45,710/- രൂപ തടസ്സത്തിൽ നിർത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 4,45,710/- രൂപ

## 1-16 കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല, കമ്പ്യൂട്ടർ വാങ്ങൽ, എ എം സി എന്നിവയ്ക്കായി ചെലവഴിച്ച 393792/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടർ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി എന്നിവയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രോജക്ട്-പഞ്ചായത്ത് ഓഫീസിലേയും ഘടക സ്ഥാപനത്തിലേയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (109/19)

അടങ്കൽ തുക – 4,00,000/- രൂപ (വികസന ഫണ്ട്)

ബിൽ നം 23, 21-01-2019 പ്രകാരം 3,30,072/- രൂപ പിൻവലിച്ച് കെൽട്രോണിൽ നിന്നും 8 കമ്പ്യൂട്ടറുകൾ വാങ്ങി. കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻറെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി ചെലവഴിച്ച 3,30,072/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ ക്രമപ്രകാരം തയ്യാറാക്കിയിട്ടുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. പ്രോജക്ട്- കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വാർഷിക മെയിൻറൻസ് കരാർ (108/19)

അടങ്കൽ തുക – 70,000/- രൂപ (വികസന ഫണ്ട്)

വിവിധ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വാർഷിക മെയിൻറൻസ് കരാറിലേർപ്പെടുന്നതിനായി ബിൽ നം 14, തീ- 30-11-2018 പ്രകാരം 63,720/- രൂപ പിൻവലിച്ച് കെൽട്രോണിന് നല്കി. വാർഷിക മെയിൻറനൻസ് കരാരിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങളുടെ വിശദവിവരം ഉൾപ്പെട്ട കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 63,720/- രൂപ തടസ്സപ്പെടുത്തുന്നു.

രണ്ടു പ്രോജക്ടിലുമായി ആകെ ചെലവഴിച്ച 3,93,792/- രൂപ തടസ്സപ്പെടുത്തുന്നു. വാങ്ങിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതിന്റെ രേഖകൾ, യഥാക്രമം തയ്യാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തിയ കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 5/16-11-2020
തടസ്സപ്പെടുത്തിയ തുക – 3,93,792/- രൂപ

## 1-17 വിവിധ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലിനായി കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയ 8,88,104/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് – വിവിധ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (114/19)

അടങ്കൽ തുക – 19,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)

കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ കുടിവെള്ള പദ്ധതികളിലെ പൈപ്പ് ലൈൻ നീട്ടുന്നതിനായി ബിൽ നം 19, തീയതി 19-11-2018 പ്രകാരം 19,00,000/- രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി. 30-06-2020 ൽ ടി സ്ഥാപനം നല്കിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഇതിൽ 10,11,896/- രൂപ ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചു. 8,88,104/- രൂപ ചെലവഴിക്കാതെ കേരളാ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നു. ടി തുക നാളിതുവരെ തിരികെ ഈടാക്കുകയോ, മറ്റേതെങ്കിലും പ്രോജക്ടിൻറെ ഭാഗമായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ കേരളാ വാട്ടർ അതോറിറ്റിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 8,88,104/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കി, സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 5/16-11-2020
തടസ്സപ്പെടുത്തുന്ന തുക – 8,88,104/- രൂപ

## 1-18 തനത് വരുമാനം ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിലനിർത്തുന്നു

കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് എസ്.സി.ബി കുളത്തുപ്പുഴ (A/c No 0101003345) കേരള ഗ്രാമീൺ ബാങ്ക് (A/c No 40598101006083) എന്നീ രണ്ട് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കുലർ 58725/എഫ്.എം.3/2008/ ത.സ്വ.ഭ.വ/26.5.11 പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലൊ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നിരിക്കെ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് ക്രമവിരുദ്ധമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് ഇപ്പോൾ എസ്.സി.ബി കുളത്തുപ്പുഴ (A/c No 0101003345) ൽ മാത്രമേ പണം നിക്ഷേപിക്കുന്നുള്ളുവെന്നും തുടർന്നും ഈ അക്കൗണ്ട് മാത്രം നിലനിർത്തി കേരള ഗ്രാമീൺ ബാങ്ക് (A/c No 40598101006083) അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്ക് (A/c No 40598101006083) അക്കൗണ്ട് ക്ലോസ് ചെയ്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8 /16.11.2020

## 1-19 വാടക ഈടാക്കുന്നതിലെ അപാകതകൾ

കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/ മാസം (കുടിശ്ശിക) | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | അരുൺ,<br>അരുൺ ഭവൻ, കല്ലുവെട്ടാം കുഴി,<br>കുളത്തുപ്പുഴ | 8B | 843 X 12 | 10116+GST |
| 2 | അയ്യപ്പൻ, ലക്ഷ്മി വിലാസം,<br>കുളത്തുപ്പുഴ | 8D | 536x 12 | 6432+GST |
| 3 | B. അനിൽ കുമാർ<br>ഗാന്ധി ഭവൻ,<br>കുളത്തുപ്പുഴ | 8E | 1150 x 11 | 12650+GST |
| 4 | നിസ്സാം എ.കെ<br>സബീന മൻസിൽ<br>കുളത്തുപ്പുഴ | III/1105(8) | 600X11 | 6600+GST |
| 5 | സുരേന്ദ്രൻ നായർ | III/1105(II) | 705x 12 | 8460+GST |

| | | | | |
|---|---|---|---|---|
| | തോപ്പിൽ വീട് | | | |
| | കടമാൻകോട് | | | |
| 6 | രാജീവ്, സെക്രട്ടറി<br>കുളത്തൂപ്പുഴ | 9PGH | 566x12 | 6792+GST |
| 7 | അനിൽ കുമാർ പി<br>സെക്രട്ടറി<br>കുളത്തൂപ്പുഴ | 10PGH | 705x 12 | 8460+GST |
| 8 | സോമശേഖരൻ നായർ<br>കിഴക്കേചരുവിള പുത്തൻവീട്, വില്ലുമല പി ഒ<br>കുളത്തൂപ്പുഴ | II/1105(10) | 500x10 | 5000+GST |
| ആകെ | | | | 64510 +GST |

മേൽ പറഞ്ഞ വ്യക്തികൾക്ക് കടമുറികൾ വാടകയ്ക്ക് നല്കിയതിന്റെ എഗ്രിമെന്റ് സൂക്ഷിച്ചിട്ടില്ല. അതുപോലെ ക്രമനമ്പർ 1 അരുൺ, 2016-17 മുതൽ 2018-19 വരെയും ക്രമനമ്പർ 2 അയ്യപ്പൻ 2015-16 മുതൽ 2018-19 വരെയും ക്രമനമ്പർ 5 സുരേന്ദ്രൻ നായർ 2017-18 മുതൽ 2018-19 വരെയുമുള്ള വാടക കുടിശ്ശിക ഒടുക്കുവരുത്താനുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് RR നടപടി സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട് . വാടക കുടിശ്ശിക, ജി.എസ്.ടി കുടിശ്ശിക എന്നിവ പിഴ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9 /16.11.2020

## 1-20 സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുന്നതിന് പിൻവലിച്ച തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

വൗച്ചർ നം. 21800263/16.7.2018

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കേണ്ടതായ 2017-18 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് തുകയായ 2,02,203/- രൂപ ചെക്ക് നം. 131722/10.7.2018 പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക കൗൺസിലിലേക്ക് നൽകിയതിന്റെ രേഖകൾ, തുക സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതു ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് തുകയുടെ രസീത് ലഭിക്കുന്നതിന് ലൈബ്രറി കൗൺസിലിലേക്ക് കത്തുനൽകിയതായും ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 2,02,203/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 3 /13.11.2020

തടസ്സപ്പെടുത്തിയ തുക – 2,02,203/- രൂപ

## 1-21 പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിന് പിൻവലിച്ച തുകയ്ക്കുള്ള സ്റ്റാമ്പ് പൂർണ്ണമായും ലഭിച്ചില്ല.

വൗച്ചർ നം. 21800096/18.5.2018

ചെക്ക് നം. 5737/15.5.2018 പ്രകാരം 5000/- രൂപ പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിനായി പിൻവലിച്ച് പോസ്റ്റ്മാസ്റ്റർ, കുളത്തുപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പിൻവലിച്ച തുകയ്ക്കുള്ള സ്റ്റാമ്പ് പൂർണ്ണമായും ലഭിച്ചില്ല. സ്റ്റോക്കുരജിസ്റ്റർ പരിശോധിച്ചതിൽ 3000/- രൂപയുടെ സ്റ്റാമ്പ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുളത്തുപ്പുഴ പോസ്റ്റ് ഓഫീസിൽ 2000/- രൂപയുടെ സ്റ്റാമ്പു മാത്രമാണ് സ്റ്റോക്കുണ്ടായിരുന്നതെന്നും 3000/- രൂപയുടെ സ്റ്റാമ്പ് കൊട്ടാരക്കര പോസ്റ്റ് ഓഫീസിൽ നിന്നും വാങ്ങിയതായും മറുപടി ലഭ്യമാക്കി. തെറ്റായ വിവരങ്ങളാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. 15.5.2018 ൽ 3000/- രൂപയുടെ സ്റ്റാമ്പ് ലഭിച്ചതായി സ്റ്റോക്കുരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ശേഷിക്കുന്ന 2000/- രൂപയുടെ സ്റ്റാമ്പ് ലഭിച്ചിട്ടില്ല. പിൻവലിച്ച തുകയ്ക്കുള്ള സ്റ്റാമ്പ് പൂർണ്ണമായും ലഭിക്കാത്തതിനാൽ 2000/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 3 /13.11.2020
തടസ്സപ്പെടുത്തിയ തുക – 2000/- രൂപ

## 1-22 മഴക്കാലപൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ വിഹിതവും പഞ്ചായത്തുഫണ്ടും ഉൾപ്പെടെ 329500/- രൂപ വൗച്ചർ നം. 21800125/31.5.2018, 21800126/31.5.2018, 21800127/31.5.2018 എന്നിവ പ്രകാരം ചെലവഴിച്ചു. വാർഡൊന്നിന് 16475 /- രൂപ വീതം 20 വാർഡുകളിലേക്ക് അനുവദിച്ച തുക മെഡിക്കൽ ഓഫീസർ, പി.എച്ച്.സിയ്ക്ക് നൽകിയതിന്റെ ചെലവുരേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയത് ഹാജരാക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് അറിയിപ്പു നൽകിയെന്ന മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 329500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 3 /13.11.2020
തടസ്സപ്പെടുത്തിയ തുക – 3,29,500/- രൂപ

## 1-23 പുതിയ പഞ്ചായത്ത് കെട്ടിടത്തിന് ഇന്റീരിയർ വർക്കുകൾ, നിർവ്വഹണത്തിലെ അപാകതകൾ (248/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക

തനത് ഫണ്ട് – 20,00,000/- രൂപ

വികസന ഫണ്ട് - 20,00,000/- രൂപ

ആകെ – 40,00,000/- രൂപ

കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 09-01-2018 ലെ 1(2) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കെട്ടിടത്തിന്റെ ഇൻറീരിയർ വർക്കുകൾ ചെയ്യുന്നതിന് നിർവ്വഹണ ഏജൻസിയായി

കേരളാ ആർട്ടിസാൻസ് ഡെവലപ്മെൻറ് കോപ്പറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ)എന്ന സ്ഥാപനത്തെ തെരെഞ്ഞടുത്ത് തീരുമാനിച്ചു. 16-02-2018ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 5 (3) നമ്പർ തീരുമാനപ്രകാരം ടി സ്ഥാപനം നല്കിയ 39,92,157/- രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചു. ടി സ്ഥാപനവുമായി 03-03-2018 ൽ A9/02/2017-18/KPZA ആയി കരാറിലേർപ്പെട്ടു. തുടർന്ന് 12-03-2018 ൽ എ9/133/2019 ആയി വർക്ക് ഓഡർ നല്കുകയും ചെയ്തു പ്രവൃത്തി 14-08-2018 ന് പൂർത്തിയായതായി സ്ഥാപനം അറിയിച്ചു. 11-10-2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(14) നമ്പർ തീരുമാന പ്രകാരം മൂല്യനിർണ്ണയ തുകയുടെ 5%, 6 മാസത്തേയ്ക്ക് സെക്യൂരിറ്റിയായി പിടിച്ചുവയ്ക്കുന്നതിനും, ആകെ 29,84,487/- രൂപയും 18% ജി.എസ്.ടി തുകയും നല്കുന്നതിനും തീരുമാനിച്ചു. തുടർന്ന് ബിൽനം 13, 31-10-2018 പ്രകാരം വികസനഫണ്ട് 20,00,000/- രൂപയും, തനത് ഫണ്ട് 13,06,935/- രൂപയും ടി സ്ഥാപനത്തിന് നല്കി. പ്രോജക്ടിൻറെ പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. നിർവ്വഹണ കാലയളവിൽ ബാധകമായ സർക്കാർ ഉത്തരവ് GO(Rt).no.32/2017/SPD Dt.06-06-2017 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ ആർട്ട്കോയിൽനിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് 6-3-2015ലെ GO(Rt).no.12/2015/SPD ഉത്തരവിലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള വിലവിവര പട്ടികയിലെ ഇനങ്ങൾക്കും, ആയതിൽ നിശ്ചയിച്ചിട്ടുള്ള വിലവിവര പട്ടികയിലെ വിലയിൽ കൂടുതലാകാതെയും മാത്രമാണ്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണമെന്നും, പട്ടികയിൽ ഉൾപ്പടുത്താത്ത ഇനങ്ങൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ ഒന്നുംതന്നെ 6-3-2015ലെ GO(Rt).no.12/2015/SPD ഉത്തരവിലെ അനുബന്ധത്തിൽ ചെർത്തിട്ടുള്ള വിലവിവര പട്ടികയിൽ ഉൾപ്പെട്ട ഇനങ്ങളല്ല.
2. 16-02-2018ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5 (3) നമ്പർ തീരുമാനപ്രകാരം ടി സ്ഥാപനം നല്കിയ 39,92,157/- രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ അംഗീകരിച്ചുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി സ്ഥാപനം നല്കിയ എസ്റ്റിമേറ്റ് സർക്കാർ അംഗീകൃത നിരക്കുപ്രകാരമാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-6, തീ- 16-11-2020) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും, ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുമാണ് നിർവ്വഹണ ഏജൻസിയെ തെരെഞ്ഞെടുത്തത്. ഇത് പദ്ധതിനടത്തിപ്പിന്റെ സുതാര്യതയെ പൂർണ്ണമായും ഇല്ലാതാക്കി. വാങ്ങിയ ഉപകരണങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടായിട്ടില്ല. പുതിയ പഞ്ചായത്ത് കെട്ടിടത്തിന് ഇൻറീരിയർ വർക്കുകൾ എന്ന പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് തുടരന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-24 വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 18,00,000രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്ര. നം | പ്രോജക്റ്റിന്റെ വിവരം | തുക സ്വീകരിച്ച സ്ഥാപനം | തുക (രൂപ) |
|---|---|---|---|
| 1 | പ്രോജക്ട് - സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നല്കൽ (100/19)<br>അടങ്കൽതുക - 5,00,000/- രൂപ (വികസനഫണ്ട്)<br>ബിൽ നം. 16, തീയതി 19-11-2018 | സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം | 5,00,000/- |
| 2 | പ്രോജക്ട് - എസ് എസ് എ വിഹിതം നല്കൽ (1/19)<br>അടങ്കൽ തുക -13,00,000/-രൂപ (വികസനഫണ്ട്)<br>ബിൽ നം 03, തീയതി 22-06-2018 | എസ് എസ് എ, കൊല്ലം | 13,00,000/- |
| | | ആകെ | 18,00,000/- |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 18,00,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 05/16-11-2020
തടസ്സപ്പെടുത്തുന്ന തുക – 18,00,000/- രൂപ

## 1-25 ഇ ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയതിട്ടില്ല

ഇ ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റു ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം വരെ താഴെ കൊടുത്തിരിക്കും പ്രകാരം തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | വർഷം | തുക (രൂപ) |
|---|---|---|
| 1 | 2015-16 | 107100 |
| 2 | 2016-17 | 69350 |
| 3 | 2017-18 | 46932 |
| 4 | 2018-19 | 121238 |
| | ആകെ | 344620 |

ടി തുക ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് നാളിതുവരെ ട്രാൻസ്ഫർ ക്രെഡിറ്റു ചെയതിട്ടില്ല. ഇത് സംബന്ധിച്ച പരാമർശം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഉൾപ്പെടുത്തിയിരുന്നെങ്കിലും, ആയതിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം7, 16-11-2020) തുടർ നടപടികൾസ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. പലിശ ഇനത്തിൽവൻതുക ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുന്നു. ഇനിയും തുക ട്രാൻസ്ഫർക്രെഡിറ്റു ചെയ്യുന്നതിന് കാലതാമസം ഉണ്ടായാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും പലിശ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ നിലവിൽ ടെണ്ടർ ഫാറവില അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തുവരുന്നത്. ടി തുകയും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയതിട്ടില്ല.

ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവരുടെ അക്കൗണ്ടിൽ ഇ ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ക്രെഡിറ്റു ചെയ്തിട്ടുള്ള മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-26 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറിന്റെ വസ്തു നികുതി വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് റിക്വസിഷന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്, മൊബൈൽ ടവർ വസ്തു നികുതി ഒടുക്കുവരുത്തിയിട്ടില്ല എന്ന വിവരം ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മൊബൈൽ ടവർ | ബിൽഡിംഗ് നമ്പർ | കുടിശ്ശിക | | ഈടാക്കേണ്ട തുക (രൂപ) |
|---|---|---|---|---|---|
| | | | വർഷം | ഈടാക്കേണ്ട അർദ്ധ വർഷം | |
| 1 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | III/ 51/A | 2015-16 | II | 3176/- |
| | | | 2016-17 | I & II | 6353/- |
| | | | 2017-18 | I & II | 6353/- |
| | | | 2018-19 | I & II | 6353/- |
| ആകെ | | | | | 22235/- |

വസ്തു നികുതി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള മേൽ സ്ഥാപനത്തിൽ നിന്നും അടിയന്തിര നടപടികളിലൂടെ തുക പിഴ സഹിതം ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് റിക്വസിഷൻ : 3/16.11.2020

## 1-27 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

I. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സെവന്ത് ഡേ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I &II |
| 2 | ഗ്രീൻവാലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | I &II |
| 3 | ഗുഡ് ഷെപ്പേർഡ് പബ്ലിക്ക് സ്കൂൾ | II |
| 4 | കെ.എം.ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I &II |
| 5 | കെ.എം.ജെ ഐ.റ്റി.ഐ,കുളത്തുപ്പുഴ | I &II |
| 6 | എസ്.ബി.ഐ. കുളത്തുപ്പുഴ | I &II |
| 7 | കെ.എഫ്.ഡി.സി, ഡാളി | I &II |
| 8 | പോപ്പുലർ ഫിനാൻസ് | I &II |
| 9 | സിവിൽ സപ്ലൈസ്, കുളത്തുപ്പുഴ | I &II |

II. സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ. കുളത്തൂപ്പുഴ | I &II |
| 2 | കെ.എഫ്.ഡി.സി, ഡാളി | I &II |
| 3 | പോപ്പുലർ ഫിനാൻസ് | I &II |
| 4 | ഷേർളി ഓഡിറ്റോറിയം | I &II |
| 5 | വി.കെ.മാതാ ഓഡിറ്റോറിയം | I &II |
| 6 | സിവിൽ സപ്ലൈസ്, കുളത്തൂപ്പുഴ | I &II |

മേൽ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.ആയത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ : 4/ 13.11.2020

## 1-28 തൊഴിൽനികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഒടുക്കുന്നതിന് കാലതാമസം വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 വസ്തു നികുതി കണക്കാക്കിയതിന്റെ റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഫയൽ നമ്പർ - A2/3844/05.06.18, എം സലിം, സൽമാൻസ് പ്ലാവിള, കെ.എസ്ആർ.ടി.സി, കുളത്തൂപ്പുഴ എന്നയാളുടെ KP III /1080, 1081, 1082, 1083, 1084, 1085, 1086 (159.07m2, plinth area) എന്ന കെട്ടിടത്തിനു മുകളിൽ ആയി ബിൽഡിംഗ് പെർമിറ്റ് വാങ്ങാതെ പൂർത്തിയാക്കിയ ഒന്നാംനില ആയിട്ടുള്ള 159. 07 എം2 (plinth area, Commercial Hall ആയി പരിഗണിച്ച്), രണ്ടാം നിലയിലെ സ്റ്റെയർ റൂം 12.50 എം2 (plinth area) എന്നീ ഭാഗങ്ങളുടെ വസ്തു നികുതി കണക്കാക്കിയതിന്റെയും റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിന്റെയും വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിന്റെയും റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/17.11.2020

## 1-30 പാലിയേറ്റീവ് കെയർ- മരുന്ന് വാങ്ങലിലെ അപാകതകൾ

പ്രോജക്റ്റ് നം. 132/19

അടങ്കൽ – 15,00,000/- രൂപ (വികസന ഫണ്ട്)

ചെലവ് – 14,45,337/- രൂപ

മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 9,90,640/- രൂപ ബിൽ നം.6/18-19/25.10.2018 പ്രകാരം ചെലവഴിച്ചു. ടി തുകയ്ക്ക് ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും 876899 രൂപയ്ക്കുള്ള മരുന്നും 73101 രൂപയ്ക്ക് ഉപകരണങ്ങളും വാങ്ങുന്നതിന് ഇൻവോയിസ് പ്രകാരമുള്ള തുക നൽകി. കെ.എം.എസ്സ്.സി.എൽ നിന്നു മാത്രമേ മരുന്നുകൾ വാങ്ങാവൂ എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് ഇൻ ഹൌസ് ഡ്രഗ് ബാങ്കിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് ആരോഗ്യക്ഷേമ വകുപ്പിന്റെ 10-7-18 ലെ സ.ഉ(സാധാ)2230/2018 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണോ വാങ്ങൽ നടത്തിയത് എന്നതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചതിന്റെയും സ്റ്റോക്ക്, വിതരണം എന്നിവ സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും സ്റ്റോക്കു രജിസ്റ്റർ പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. – 11/17.11.2020

## 1-31 ലൈഫ് -ഭവനപദ്ധതി -അവലോകനം

2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവനപദ്ധതിക്കായി എഗ്രിമെന്റ് വച്ചവരുടെയും പണി പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിക്കാതെ അവശേഷിച്ചിരിക്കുന്നതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th></th><th>പ്രോജക്ട് നം/ അടങ്കൽ തുക</th><th>ജനറൽ</th><th>പ്രോജക്ട്നം/ അടങ്കൽ തുക</th><th>എസ്.സി.പി</th><th>പ്രോജക്ട് നം/ അടങ്കൽ തുക</th><th>പട്ടികവർഗ്ഗം</th></tr>
<tr><td>എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം</td><td rowspan="3">124/2019<br>80000000/-<br>ചെലവ്-<br>31140000/-</td><td>129</td><td rowspan="3">129/2019<br>39200000/-<br>ചെലവ്-<br>12240000/-</td><td>48</td><td rowspan="3">146/2019<br>8400000/-<br>ചെലവ്--<br>2190000/-</td><td>9</td></tr>
<tr><td>പണി പൂർത്തിയാക്കിയവരുടെ എണ്ണം</td><td>128</td><td>46</td><td>9</td></tr>
<tr><td>പൂർത്തിയാക്കാൻ അവശേഷിക്കുന്നവ</td><td>1</td><td>2</td><td>0</td></tr>
</table>

പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-32 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത് അപൂർണ്ണമായിട്ടാണ്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനരീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം12(2) പ്രകാരം ഏതെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കുകളോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതിനാൽ ടിയാനോട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതുമായതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 8 പ്രകാരം ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കേണ്ട രേഖകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | ചെലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|
| 1 | 72/2019-പട്ടികജാതി വിഭാഗത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം<br>- അടങ്കൽ 360000/-<br>(വികസനഫണ്ട്(ജനറൽ)- 10000/-<br>എസ്.സി.പി-350000/-) | 240000/- (എസ്.സി.പി) | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 2 | 73/2019-പട്ടികവർഗ്ഗ വിഭാഗത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം<br>-അടങ്കൽ 360000/-<br>(റ്റി.എസ്.പി-490000/-) | 280000/- | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 3 | 202/2019 – മൊബൈൽ സർവ്വീസ് യൂണിറ്റിന് ധനസഹായം<br>അടങ്കൽ<br>-വികസനഫണ്ട്(ജനറൽ)- | വികസനഫണ്ട്- ജനറലിൽ നിന്നും ശ്രീ. രാമചന്ദ്രൻ കാണി, സുജാതാ വിലാസം, | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യം കൈപ്പറ്റിയ ശ്രീ രാമചന്ദ്രൻ കാണി, സുജാതാ വിലാസം, |

| | | | |
|---|---|---|---|
| | 235680/-<br>മറ്റുള്ളവ-160000 | കടമാൻകോട് എന്ന ഗുണഭോക്താവിന് നൽകിയ 28700/- | കടമാൻകോട് എന്ന ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 4 | 209/2019ബഡ്സ് സ്കൂൾ ടീച്ചർ, ആയ ശമ്പളം<br>വികസനഫണ്ട്(ജനറൽ)-305700/- | 305700/- | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ഹാജർ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 5 | 224/2019 പട്ടികജാതി വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം<br>അടങ്കൽ-എസ്.സി.പി -500000/- | 150000 | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 6 | 236/2019-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രോഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്<br>അടങ്കൽ-ടി.എസ്.പി-219200/- | 23800/- | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 7 | 239/2019 പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്<br>അടങ്കൽ-എസ്.സി.പി-642600/- | 380800/- | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ |

| | | | |
|---|---|---|---|
| | | | പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 8 | 242/2019 പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം നൽകൽ<br>അടങ്കൽ- വികസനഫണ്ട്(ജനറൽ)- 300000/-<br>എസ്.സി.പി-100000/-<br>മറ്റുള്ളവ-800000 | 60000/- | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 9 | 286/2019 ഭവനനിർമ്മാണം (എസ്.സി.പി)<br>അടങ്കൽ-1200000 | 300000 | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 10 | 288/2019 ഭവനനിർമ്മാണം (എസ്.സി.പി)<br>അടങ്കൽ-150000 | 30000 | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 11 | 289/2019 ഭവനനിർമ്മാണം (റ്റി.എസ്.പി) | 200000 | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ആനുകൂല്യത്തിന് അർഹരായ |

| | | | |
|---|---|---|---|
| | അടങ്കൽ-തനത് ഫണ്ട്-210000 | | ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 12 | 308/2019 ബഡ്സ് സ്കൂളിൽ ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ് -നിയമനവും വേതനം നൽകലും അടങ്കൽ-തനത് ഫണ്ട്-216000 | 14400 | ജില്ലാതല ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട്, ജീവനക്കാരെ നിയമിച്ചതിന്റെയും വേതനം വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| ആകെ | | 2013400 | |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതികൾക്കായി ചെലവഴിച്ച ആകെ തുക 2013400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവ്വഹണരേഖകൾ(അംഗീകൃത പദ്ധതി,ട്രഷറി ബില്ലുകൾ,ടെണ്ടർ രേഖകൾ, സാധനങ്ങൾ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെയും രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾഎന്നിവ)പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത സാഹചര്യത്തിൽ മേൽ പറഞ്ഞ ചെലവുകൾ നടന്നിട്ടില്ല എന്ന നിഗമനത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഓഡിറ്റ് റിക്വസിഷൻ നം – 2/16-11-2020

തടസ്സപ്പെടുത്തുന്ന തുക – 20,13,400/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 തൊഴിൽനികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(3) പ്രകാരം നികുതി കുടിശ്ശിക വരുത്തുന്നവരിൽ നിന്നും ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കേണ്ടതാണെന്നും 205(കെ) പ്രകാരം നികുതി അടയ്ക്കുന്നതിലെ വീഴ്ച ബോധ്യപ്പെടുന്ന പക്ഷം വീഴ്ച വരുത്തിയ ആളിനോ ആളുകൾക്കോ എതിരെ ശിക്ഷാ നടപടി എടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരിക്കെ തൊഴിൽ നികുതി ഒടുക്കുന്നതിന് കാലതാമസം വരുത്തിയ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | ഈടാക്കിയ നികുതി | രസീത് നം./ തീയതി | ഈടാക്കേണ്ട പിഴപ്പലിശ |
|---|---|---|---|---|
| ഗവ.യു.പി.എസ്,കുളത്തുപ്പുഴ | I | 16750 | 118010103048/3.10.18 | 168 |
| ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എൻജിനീയറിംഗ് | I | 17950<br>1250 | 118010103051/3.10.18<br>118010103052/3.10.18 | 180<br>13 |
| ഐ.സി.ഡി.എസ്,കുളത്തുപ്പുഴ | I | 5000 | 118010103041/3.10.18 | 50 |
| ത്രിവേണി സൂപ്പർമാർക്കറ്റ് | I &II | 1500+<br>1500(ജീവനക്കാർ)<br>1250+<br>1250(സ്ഥാപനം) | 119010101907/<br>2.8.19 | 165+75<br>137+63 |
| ആകെ | | | | 951 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പിഴപ്പലിശ ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. പിഴപ്പലിശ 12% നിരക്കിൽ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(എൻക്വയറി നം. 4/13.11.2020)

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കാലി ബാരൽ വില ഈടാക്കിയിട്ടില്ല,9835 രൂപായുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി. ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% ജി.എസ്.ടി.) (രൂപ) |
|---|---|---|---|---|
| 1 | പ്രവൃത്തി- പച്ചയിൽ കട സാം നഗർ റോഡ് റീ ടാറിംഗ്(ടഠ 259/19) | ബിറ്റുമിന് – 3469 | 24 (24x281) | 6744 |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക-1000000 (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ - ശ്രീ. വി.എൻ അനിൽ കുമാർ<br>കരാർ-57/AE/LSGD/KPZA/17-18, 31-03-2018<br>ചെലവ്-900764<br>ബിൽ നം12,21-08-2018 | ഇമൽഷൻ – 332 | | |
| | പ്രവൃത്തി- അമ്പതേക്കർ പള്ളിക്കുന്നും പുറംറോഡ് റീ ടാറിംഗ്(so 259/19)<br>അടങ്കൽ തുക-460000 (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. ജാഫർഖാൻ<br>കരാർ-57/AE/LSGD/KPZA/17-18, 15-03-2017<br>ചെലവ്-196953<br>ബിൽ നം46,28-01-2019 | ബിറ്റുമിന്1630<br>ഇമൽഷൻ-155 | 11<br>(11x281) | 3091 |
| | | | ആകെ | 9835/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7, തീ. 16-11-2020) കാലി ബാരൽ വില ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി.കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 9835/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 7/16-11-2020
നിരാകരിച്ച തുക – 9,835/- രൂപ

## 3-2 ടെണ്ടർ കുറവ് വരുത്തിയതിൽ അപാകത, 3947 രൂപാ കൂടുതലായി ചെലവഴിച്ചു

പ്രവൃത്തി - ചെറുകര ബാലചന്ദ്രൻ പടിക്കൽ റോഡ് കോൺക്രീറ്റ് രണ്ടാംഘട്ടം

അടങ്കൽ തുക – 400000 രൂപ, വികസനഫണ്ട്(ടി എസ് പി)

കരാറുകാരൻ – ശ്രീ. ഫസലുദ്ദീൻ

കരാർ – 10/AE/LSGD/KPZA/18-19, 14-09-2018

അളവു പുസ്തകം – 76/17-18

ടി പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തുകയിൽ നിന്നും 1% കുറഞ്ഞനിരക്കിലാണ് ടെണ്ടർ അംഗീകരിച്ച് കരാർ വച്ചിട്ടുള്ളത്. എന്നാൽ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയത് 0.01% ആണ്. ഇതുമൂലം 3947/- രൂപ അധികം ചെലവഴിച്ചു. വിശദവിവരം താഴെ ചേർക്കുന്നു. ബിൽ തയ്യാറാക്കിയത് താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിമൂല്യം | 398709 |
| (-)ടെണ്ടർ കുറവ് 0.01% | 40 |
| പിൻവലിച്ച തുക | 398669 |

ബിൽ നം 25, തീയതി 26-11-18 പ്രകാരം തുക പിൻവലിച്ചു

എന്നാൽ ബിൽ തയ്യാറാക്കേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കും പ്രകാരമായിരുന്നു.

| | |
|---|---|
| പ്രവൃത്തിമൂല്യം | 398709 |
| 1% ടെണ്ടർ കുറവ് | 3987 |
| പിൻ വലിക്കേണ്ടിയിരുന്ന തുക | 394722 |

ടെണ്ടർ കുറവ് വരുത്താതിരുന്നത് മൂലം അധികമായി ചെലവഴിച്ച 3,947/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 07/16-11-2020) അധികമായി നല്കിയിട്ടുള്ള തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി നല്കി.

ഓഡിറ്റ് അന്വേഷണം – 07/16-11-2020
നിരാകരിച്ച തുക – 3,947/- രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 18.07.2019 & 19.07.2019 | കെ.എസ്.എ.കെ.എൽ.എം.പി1/1162/19 തീയതി-21.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2752609 | ലൈഫ് (ജനറൽ) | 2320000 | 432609 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 912804 | ലൈഫ് (എസ്.സി.പി) | 400000 | 512804 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 825474 | ലൈഫ് (റ്റി.എസ്.പി) | 120000 | 705474 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 400000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300500 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300500 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2862373 | ലൈഫ് (ജനറൽ) | 1230963 | 1631410 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2224938 | ലൈഫ് (എസ്സ്.സി) | 2200000 | 24938 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 127673 | ലൈഫ്(റ്റി.എസ്.പി) | 876000 | 406733 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അംഗൻവാടി പോഷകാഹാരം(ജനറൽ) | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | അംഗൻവാടി പോഷകാഹാരം(എസ്സ്.സി.പി) | 500000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | 21801117/19.2.18 | 190000 | 1011896 | 888104 |
| കെ.എസ്.ഇ.ബി | മീറ്റർ സ്ഥാപിക്കൽ | 2181370/20.3.19 | 3332792 | 3332792 | - |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21801304/22.2.2019 | 195026 | 195026 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 23360000/- രൂപ വരവുണ്ട്. ടി തുകയിൽ

19829037/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ(എം.എസ്)നം.124/2018/LSGD | 23360000 | - | - | - | 23360000/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1501000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1501000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1501000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 30.9.17 | 1 വർഷം | 500000 | 29.9.2018 ൽ കാലാവധി പൂർത്തിയായെങ്കിലും പുതുക്കിയിട്ടില്ല. |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 7.11.17 | 1 വർഷം | 1000000 | 6.11.2018 ൽ കാലാവധി പൂർത്തിയായെങ്കിലും പുതുക്കിയിട്ടില്ല. |
| 3 | വിവരം ലഭ്യമല്ല | | | 1000 | |
| ആകെ | | | | 1501000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12011/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12& 2012-13 | 3-19 | 12011 | ശ്രീമതി. എൻ. ഷൈനി | 118010100499/30.4.18 |

| | | | | |
|---|---|---|---|---|
| | | | എക്സി. എൻജിനീയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, അഞ്ചൽ | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 3 | 2000-2001 | പട്ടികജാതിദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-2000 | 34 | 2003-2004 | പദ്ധതിനിർവഹണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-6 | 2015-2016 (2-2) | രണ്ടുനില കെട്ടിടെ പണിയുന്നതിന് അനുമതി നേടിയ ശേഷം3 നില കെട്ടിടം പണിതു. യാതൊരു ക്രമവൽകരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു നൽകി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-10 | 2015-2016 (2-3) | കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായും ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 209775018 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 151571455 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 951 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13782 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6074709 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻറെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 951 | | ശ്രീ. എ. ഹാഷിം, സെക്രട്ടറി ശ്രീ. ആർ. ഗോപാലകൃഷ്ണൻ, അസി. സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) |
| 3-1 | | 9835 | ശ്രീ. വൈശാഖൻ, അസി. എൻജിനീയർ |
| 3-2 | | 3947 | ശ്രീ. വൈശാഖൻ, അസി. എൻജിനീയർ |
| ആകെ | | 13782 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 445710 | ശ്രീമതി അശ്വതി. പി. എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-16 | 393792 | ശ്രീ. എ. ഹാഷിം, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-17 | 888104 | ശ്രീ. എ. ഹാഷിം, സെക്രട്ടറി |
| 1-20 | 202203 | ശ്രീ. എ. ഹാഷിം, സെക്രട്ടറി |
| 1-21 | 2000 | ശ്രീ. എ. ഹാഷിം, സെക്രട്ടറി |
| 1-22 | 329500 | ഡോ. സജീനാബീഗം, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-24 | 1800000 | ശ്രീ. എ. ഹാഷിം, സെക്രട്ടറി |
| 1-32 | 2013400 | ശ്രീ. ആർ. ഗോപാലകൃഷ്ണൻ, അസി. സെക്രട്ടറി |
| ആകെ | 6074709 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-23 |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ. ഹാഷിം, സെക്രട്ടറി | റിട്ടയേർഡ് | ഹജ്മി, ആലയകുന്ന്, കൊല്ലൂർ.പി.ഒ, പാലോട് |
| ശ്രീ. ആർ. ഗോപാലകൃഷ്ണൻ, അസി. സെക്രട്ടറി | സെക്രട്ടറി, ചവറ ഗ്രാമപഞ്ചായത്ത് | കൃഷ്ണ ഭവൻ, വേലിത്തുരുത്ത്, നീണ്ടകര.പി.ഒ |
| ശ്രീ. വൈശാഖൻ, അസി. എൻജിനീയർ | അസി. എഞ്ചിനീയർ പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | ശ്രീവൈശാഖം, കിളിമാനൂർ.പി.ഒ |
| ഡോ. സജീനാബീഗം, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | പി.എച്ച്.സി. പാരിപ്പള്ളി | ഫിർദൗസ്, വലിയകുന്ന്, കിഴവലം.പി.ഒ, ആറ്റിങ്ങൽ |
| ശ്രീമതി അശ്വതി. പി. എം, ഐ.സി.ഡി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കുളത്തുപ്പുഴ | അഡ്മ വില്ല, കുളത്തുപ്പുഴ.പി.ഒ |

| | | |
|---|---|---|
| സൂപ്പർവൈസർ | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 02 |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 05 |
| 2003-2004 | എൽ.എഫ്.ക്യൂ.പി4/447/2007 തീയതി 30.03.2007 | |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 04 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 2006 -07 | എൽ.എഫ്.ക്യൂ.പെൻ/86/2009 തീയതി 03.02.2009 | 06 |
| 2007-08 | എൽ.എഫ്.ക്യൂ.പി4/1182/2011 തീയതി 07.12.2011 | 16 |
| 2008-09 | എൽ.എഫ്.ക്യൂ.പി4/1325/2014 തീയതി 19.06.2014 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി4/1325/2014 തീയതി 19.06.14 | 17 |
| 2010-11 | എൽ.എഫ്.ക്യൂ.പി4/735/2012 തീയതി 30.04.2013 | 16 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി4/2500/2013 തീയതി 23.07.2014 | 20 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി4/805/2016 തീയതി 28.5.2016 | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-കെ.എൽ.എംപി4/1804/2017<br>തീയതി 31.10.2017 | |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി1/1805/2016<br>തീയതി 28.5.2016 | |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി1/337/2019<br>തീയതി 2.4.2019 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

കെ.എസ്.എ.കെ.എൽ.എം.പി.1/1386/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി – 01.01.2021

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

## അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.